# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1572. 04-12-2018 ൽ മറുപടിയ്ക്ക്

### കുട്ടനാട് മണ്ഡലത്തിലെ കൃഷിഭൂമിയുടെ സുരക്ഷിതത്വം

**ചോദ്യം**
ശ്രീ.തോമസ് ചാണ്ടി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| | കുട്ടനാട് മണ്ഡലത്തിലെ കൃഷി ഭൂമിയുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനായുള്ള പുറംബണ്ട് നിർമ്മാണം, കാർഷിക ഉപകരണങ്ങൾ ലഭ്യമാക്കൽ, മോട്ടോർതറ നിർമ്മാണം എന്നിവയ്ക്കായി പുതുതായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | കുട്ടനാട് മണ്ഡലത്തിലെ കൃഷി ഭൂമിയുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതുമായി ബന്ധപ്പെട്ട് ആർ.കെ.വി.വൈ. 2018-19 സ്കീമിലുൾപ്പെടുത്തി 253.51 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായ നാട്ടയം പാടശേഖരത്തിന്റെ (ചമ്പക്കുളം പഞ്ചായത്ത്) അടിസ്ഥാന സൗകര്യ വികസന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടന്നുവരികയാണ്. ഈ പദ്ധതിയുടെ ഭാഗമായി നാട്ടയം പാടശേഖരത്തിൽ ഏകദേശം 850 മീറ്റർ നീളത്തിൽ പുറംബണ്ടും സംരക്ഷണഭിത്തി നിർമ്മാണവും 1700 മീറ്റർ സംരക്ഷണഭിത്തി ഉയർത്തൽ, രണ്ടു എഞ്ചിൻ തറ, എഞ്ചിൻ ഷെഡ് രണ്ടു വീതം എന്നീ നിർമ്മാണ പ്രവൃത്തികളാണ് ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പ്രളയത്തിൽ നശിച്ച പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്നതിനും, മട കുത്തുന്നതിനുമായി 1.4276/- കോടി രൂപ 20% അഡ്വാൻസായി 147 പാടശേഖരങ്ങൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ